**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 331** **06-03-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംരംഭക വർഷം പദ്ധതി പ്രതീക്ഷിത ലക്ഷ്യത്തിലും ഏറെ നേട്ടം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയെക്കുറിച്ച് ചില കേന്ദ്രങ്ങൾ നടത്തുന്ന ദുഷ്പ്രചാരണം പരിശോധനാവിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 2022-23 സംരംഭക വർഷമായി കേരള<br>ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക<br>വർഷത്തിന്റെ ഭാഗമായി കേരളത്തി<br>ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകി<br>ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊ<br>പരമാവധി ആളുകൾക്ക് തൊഴി<br>കൊടുക്കുവാനുള്ള ഒരു ലക്ഷം സംരംഭങ്ങ<br>എന്ന ബൃഹത്തായ പദ്ധതി തദ്ദേശ<br>സ്വയംഭരണം, സഹകരണം, ഫിഷറീസ്<br>മൃഗസംരക്ഷണം മുതലായ വകുപ്പുകളു<br>സഹകരണത്തോടെ വ്യവസായ വകു<br>നടത്തി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായ<br>കേരളത്തിൽ മാർച്ച് 1 വരെയുള്ള കണക്ക<br>പ്രകാരം 134,558 പുതിയ സംരംഭങ്ങ<br>ആരംഭിച്ചിട്ടുണ്ട്. ഇതു വഴി സംസ്ഥാനത്ത<br>8039.27 കോടി രൂപയുടെ നിക്ഷേപവു<br>288,769 പുതിയ തൊഴിലവസരങ്ങളു<br>സൃഷ്ടിക്കപ്പെട്ടു. സംരംഭക വർഷം പദ്ധതി വഴ<br>ലക്ഷ്യമിട്ടതിനെക്കാളും കൂടുതൽ നേട്ട<br>കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>രാജ്യത്തിന്റെ ചരിത്രത്തിൽ തന്നെ<br>ചുരുങ്ങിയ കാലയളവിനുള്ളിൽ സൃഷ്ടിക്കപ്പെ<br>സംരംഭങ്ങളുടെ എണ്ണത്തിലും, സർക്കാ<br>ഒരുക്കി നൽകിയ പശ്ചാത്തല സൗകര്യം<br>വനിതാ സംരംഭകരുടെ എണ്ണം തുടങ്ങിയ<br>നിരവധി റെക്കോർഡുകൾ സൃഷ്ടിച്ച ഈ<br>പദ്ധതിയെ ബഹു.പ്രധാനമന്ത്രി അദ്ധ്യക്ഷ<br>വഹിച്ച സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ<br>ദേശീയ കോൺഫറൻസിൽ രാജ്യത്തെ |

| | | | |
|---|---|---|---|
| | | | 'ബെസ്റ്റ് പ്രാക്ടീസായി' അംഗീകരിച്ചുകൊണ്ട് അവതരിപ്പിച്ചിരുന്നു.<br><br>പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുക എന്നുള്ളതാണ് സംരംഭക വർഷം പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുക എന്നതിലുപരി സംരംഭങ്ങൾ തുടങ്ങാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് പ്രധാനം. ഏപ്രിൽ 1, 2022 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും വിവരങ്ങൾ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി തയാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്. വിരലിലെണ്ണാവുന്ന ചില സംരംഭങ്ങളെ ചൂണ്ടിക്കാണിച്ചു കൊണ്ട് പദ്ധതിക്കെതിരെ പ്രചാരണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അവ വസ്തുതാപരമാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സംരംഭക വർഷത്തിന്റെ ഭാഗമായി തുടങ്ങിയ സംരംഭങ്ങളുടെ ഡാറ്റ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി കൃത്യമായ ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് വ്യവസായ വികസനം അസാധ്യമാക്കാൻ ചില നിക്ഷിപ്ത താത്പര്യക്കാർ നിക്ഷേപകരെ പിന്തിരിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ചില ഒറ്റപ്പെട്ട ശ്രമങ്ങൾ നടക്കുന്നുണ്ട്. എന്നാൽ, പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുക എന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിനു വേണ്ട വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികളും ഈ മേഖലയുടെ |

| | | | |
|---|---|---|---|
| | | | വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്ന വ്യവസായ വികസനം സാധ്യമാക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് ഉണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കിക്കൊണ്ട് നിലവിൽ പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>കേരളത്തിൽ ആഭ്യന്തര ഉല്പാദനവും തൊഴിൽ/സംരംഭ/നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 'മേക്ക ഇൻ കേരള' പദ്ധതിയ്ക്ക് 1000 കോടി രൂപ അധികമായി പ്രഖ്യാപിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നിലവിലുള്ള സംരംഭങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത 1000 സംരംഭങ്ങൾക്ക് 4 വർഷം കൊണ്ട് 1,00,000 കോടി വിറ്റു വരവ് കൈവരിക്കുന്ന രീതിയിൽ ഉള്ള ഒരു സ്കെയിൽ അപ്പ് പദ്ധതി നടപ്പിലാക്കാൻ പോകുന്നു. 2022-23-ൽ 'സംരംഭക വർഷം' പദ്ധതിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ ഒരു ലക്ഷത്തിലധികം സംരംഭങ്ങളാണ് സംസ്ഥാനത്ത് പുതുതായി തുടങ്ങിയത്. ഇവയുടെ സുസ്ഥിരതയ്ക്കും വളർച്ചയ്ക്കുമായി വിവിധ പദ്ധതികളും മെന്റർഷിപ് സേവനങ്ങളും ലഭ്യമാകുന്നതാണ്. |
| (സി) | ഇക്കണോമിക് റിവ്യൂ പ്രകാരം വ്യവസായ മേഖലയിലും ഉല്പന്ന നിർമ്മാണ മേഖലയിലും സംസ്ഥാനം കൈവരിച്ച വളർച്ചാ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ; | (സി) | ഇക്കണോമിക് റിവ്യൂ പ്രകാരം വ്യവസായ മേഖലയിലെ വളർച്ചാ നിരക്ക് 17.3% വും ഉല്പന്ന നിർമ്മാണ മേഖലയിലെ വളർച്ചാ നിരക്ക് 18.9% വും ആണ്. |
| (ഡി) | അൻപത് കോടിയലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ ഏഴ് ദിവസത്തിനകം അനുമതി നൽകുമെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിക്ഷേപ വാഗ്ദാനത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ആക്ട്, 2021' നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിക്കുകയും ചെയ്തു. ഇപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | പ്രോസസ്സ് ചെയ്യുന്നതിനും കെ-സ്വിഫ്റ്റിൽ ഒരു പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ